പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1756 — 11/02/2013- ൽ മറുപടിക്ക്

## ആന്ത്രാക്സ് രോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. കെ.പി മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) കേരളത്തിൽ എവിടെയെങ്കിലും കന്നുകാലികളിൽ ആന്ത്രാക്സ് രോഗം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; എന്തൊക്കെ പ്രതിരോധ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>കോട്ടയം, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ ആന്ത്രാക്സ് രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചുറ്റുപാടുമുള്ള മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തി രോഗബാധ നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും ആട്, കോഴി, മാട് എന്നീ ഇനത്തിൽ എത്ര കിലോ മാംസം ഒരു വർഷത്തിൽ കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്; | (ബി) 2011-12 വർഷത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവന്നിട്ടുള്ള മാംസത്തിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.<br>1. ആട് - 359958 കിലോ ഗ്രാം<br>2. കോഴി - 2536260 കിലോ ഗ്രാം<br>3. മാട് - 27792768 കിലോ ഗ്രാം |
| (സി) അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിക്കായി കോഴികളെയും കന്നുകാലികളെയും കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളുണ്ട്; വ്യക്തമാക്കുമോ; | (സി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കോഴികൾക്കും കന്നുകാലികൾക്കും വെറ്ററിനറി ഹെൽത്ത് സർട്ടിഫിക്കറ്റ്/വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. എസ്.പി.സി.എ നിയമങ്ങൾ പാലിച്ച് ഉരുക്കളെ കൊണ്ടുവരാൻ നിഷ്ക്കർഷിച്ചിട്ടുണ്ട്. |

(ഡി) നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ഇറച്ചിക്കായി കോഴികളെയും കന്നുകാലികളെയും കൊണ്ടു വരുന്നതെന്ന് ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി).അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന കോഴികളെയും കന്നുകാലികളെയും അതിർത്തി ചെക്ക് പോസ്റ്റുകളിൽ പ്രാഥമിക പരിശോധനക്ക് വിധേയമാക്കുകയും വാക്സിനേഷൻ സർട്ടിഫിക്കറ്റ്/ഹെൽത്ത് സർട്ടിഫിക്കറ്റ് പരിശോധിക്കുകയും ആവശ്യമുള്ള പ്രതിരോധകുത്തിവെയ്പ്പ് നൽകുകയും ചെയ്താണ് അതിർത്തി കടത്തിവിടുന്നത്.

റാൻഡം രക്തസാമ്പിളുകൾ ശേഖരിക്കുകയും മൃഗസംരക്ഷണവകുപ്പിന്റെ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ തിരിച്ചറിയുന്നതിന് ചുവന്ന ഇയർടാഗ് അടിക്കുകയും ചെയ്യുന്നു.

Chandra

സെക്ഷൻ ഓഫീസർ